"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല - മങ്കട ബ്ലോക്ക് പഞ്ചായത്ത് -പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്ത് - നാറാണത്ത് എസ് സി നഗർ സംരക്ഷണം, ചകിടി പറമ്പ് എസ് സി നഗർ സമഗ്ര വികസനം എന്നീ പദ്ധതികൾ ബ്ലോക്ക് പഞ്ചായത്ത് വിഹിതം വകയിരുത്തി നടപ്പാക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1833/2025/LSGD തീയതി,തിരുവനന്തപുരം, 25-07-2025

---

പരാമർശം:-

1. മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.01.2025 ലെ കത്ത്
2. മങ്കട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 20.02.2025 ലെ LSGD/BP/MKD(MPM)/184/2025-B നമ്പർ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 24.06.2025 ലെ യോഗത്തിന്റെ തീരുമാനം 4.32 & 4.33

**<u>ഉത്തരവ്</u>**

മങ്കട ബ്ലോക്ക് പഞ്ചായത്തിലെ പുഴക്കാട്ടിരി നാറാണത്ത് പട്ടികജാതി നഗറിൽ താമസിക്കുന്ന 6 കുടുംബങ്ങളുടെ സംരക്ഷണത്തിനും ഭവനസുരക്ഷയ്ക്കുമായി ഏറ്റെടുത്ത നാറാണത്ത് എസ് സി നഗർ സംരക്ഷണം എന്ന പദ്ധതിയും ഇതേ ബ്ലോക്കിലെ ചകിടി പറമ്പ് പട്ടികജാതി നഗറിൽ 18 കുടുംബങ്ങൾക്കായി ഏറ്റെടുത്ത പുഴക്കാട്ടിരി ചകിടി പറമ്പ് എസ്.സി. നഗർ സമഗ്ര വികസനം എന്ന പദ്ധതിയിൽ ഉൾപ്പെട്ട ടി നഗറിലെ നടപ്പാതയുടെ സൈഡ് കെട്ടി കോൺക്രീറ്റ് ചെയ്യുക, കട്ട പതിപ്പിക്കുക, രണ്ട് വീടുകളുടെ സംരക്ഷണ പ്രവൃത്തികൾ തുടങ്ങിയ നിർമ്മാണ പ്രവർത്തികളും നടപ്പിലാക്കുവാൻ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ എസ് സി പി ഫണ്ട് തികയാതെ വന്നതു കൊണ്ട് മേൽ പദ്ധതികൾ ബ്ലോക്ക് പഞ്ചായത്ത് വിഹിതം വകയിരുത്തി നടപ്പാക്കാൻ അനുമതി നൽകണമെന്ന് പരാമർശം (1), (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം പരാമർശം (3) പ്രകാരം ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിച്ചു. ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഗ്രാമപഞ്ചായത്തിനു കൈമാറി മേൽ പദ്ധതികൾ നടപ്പാക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് സെക്രട്ടറി / പ്രസിഡണ്ട്, പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്ത്
ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി / പ്രസിഡണ്ട്, മങ്കട ബ്ലോക്ക് പഞ്ചായത്ത്
ജില്ലാ പഞ്ചായത്ത് സെക്രട്ടറി / പ്രസിഡണ്ട്, മലപ്പുറം ജില്ലാ പഞ്ചായത്ത്
ജില്ലാ പ്ലാനിംഗ് ഓഫീസർ, മലപ്പുറം ജില്ല
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം ജില്ല
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ പട്ടികജാതി വികസന വകുപ്പ്
ജില്ലാ പട്ടികജാതി വികസന ഓഫീസർ, മലപ്പുറം ജില്ല
ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Viraj K
Date: 25-07-2025 18:59:59

പകർപ്പ് :-
തദ്ദേശ സ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എ യ്ക്ക്
തദ്ദേശ സ്വയംഭരണ സ്പെഷ്യൽ സെക്രട്ടറിയുടെ പി എ യ്ക്ക്
തദ്ദേശ സ്വയംഭരണ ജോയിന്റ് സെക്രട്ടറിയുടെ സി എ യ്ക്ക്